പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1050 — 05/03/2018 -ൽ മറുപടിയ്ക്ക്

## സ്കൂളുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. ജോസഫ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ ശുചിത്വം ഉറപ്പു വരുത്തുന്നതിനുള്ള ഏതൊക്കെ പരിപാടികളാണ് ഈ സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) സ്കൂളുകളിലെ പാചകപ്പുര, ടോയ്‌ലെറ്റുകൾ എന്നിവ എല്ലായ്പ്പോഴും വൃത്തിയായി സൂക്ഷിക്കണമെന്നും, സ്കൂളുകളിൽ പ്ലാസ്റ്റിക് പാത്രങ്ങൾ, കവറുകൾ എന്നിവ കൊണ്ടു വരുന്നത് ഒഴിവാക്കണമെന്നും ശുദ്ധമായ കുടിവെള്ളം എല്ലാ സ്കൂളുകളിലും ലഭിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുകയും, മഴക്കാല പൂർവ്വ ശുചീകരണങ്ങൾ സ്കൂളുകളിൽ നടത്തുകയും, കലോത്സവം, വാർഷികാഘോഷം എന്നിവ ഉൾപ്പെടെയുള്ള എല്ലാ പരിപാടികളിലും 'ഗ്രീൻ പ്രോട്ടോക്കോൾ' നടപ്പിലാക്കണമെന്നും എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ലാ തല കലോത്സവം, ശാസ്ത്രമേള, സ്പോർട്സ് മേളകൾ എന്നിവയിൽ പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കുകയും 'ഗ്രീൻ പ്രോട്ടോകോൾ' നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ പരിപാടികൾ സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ നടപ്പിലാക്കി എന്ന് വിശദമാക്കാമോ? | (ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ശുചിത്വം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ